**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3534** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾക്ക് സബ്സിഡി നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് ആധുനിക ഭിന്നശേഷി സഹായ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് പ്രത്യേക ഷോറൂമുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | ഭിന്നശേഷിക്കാർക്ക് ആധുനിക ഭിന്നശേഷി സഹായ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ഷോറൂം എന്ന പദ്ധതി 2021-22 സാമ്പത്തിക വർഷത്തെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനായി 4235-02-190-99-P എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും 68 ലക്ഷം രൂപ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നതിന് ടി കോർപ്പറേഷന് ഭരണാനുമതി നൽകികൊണ്ട് സ.ഉ (സാധാ) നം.563/2021/സാനീവ, തീയതി 16.08.2021 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഷോറൂം പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 09/09/2021 ൽ ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതി വകുപ്പും മന്ത്രി നിർവഹിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്ന ഷോറൂമുകൾ ഭാവിയിൽ എല്ലാ ജില്ലകളിലും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | അതിന്റെ പ്രായോഗികത പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത ഷോറൂമുകൾ വഴി സഹായ ഉപകരണങ്ങൾ എത്ര ശതമാനം വിലക്കുറവിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ ആധുനിക സഹായ ഉപകരണങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ